**ചോദ്യോത്തരം**

**മുജീബ്**

# യൂത്ത്‌ലീഗ് നേതാവിന്റെ സാമ്രാജ്യത്വ ദാസ്യം

■ "തീവ്രവാദത്തെക്കുറിച്ച് പറയുമ്പോള്‍ കേരളത്തിലെ മുസ്‌ലിം സമുദായം അസന്ദിഗ്ധമായി അംഗീകരിക്കേണ്ട ചില പരമാര്‍ഥങ്ങളുണ്ട്. ഒന്നാമതായി, കേരളത്തിലെ മുസ്‌ലിം സമുദായത്തിലെ ഒരു സൂക്ഷ്മന്യൂനപക്ഷം തീവ്രവാദത്തിന്റെ രണോത്സുകരഥ്യകളിലേക്ക് ആനയിക്കപ്പെട്ടിട്ടുണ്ട് എന്നതാണ്. ഒരു ചെറിയ വിഭാഗം മുസ്‌ലിം ചെറുപ്പക്കാരെ തീവ്രവാദികളാക്കുന്നതില്‍ തീവ്രവാദാശയങ്ങളെ ഒളിഞ്ഞും തെളിഞ്ഞും ആശ്ലേഷിക്കുന്ന ചില മുസ്‌ലിം സംഘടനകള്‍ അനിഷേധ്യമായ പങ്കുവഹിച്ചിട്ടുണ്ട്. രണ്ടാമതായി, അതിശക്തമായ സാമ്പത്തിക സ്രോതസ്സിന്റെ പിന്‍ബലം ഇവര്‍ക്കുണ്ട് എന്നതാണ്. കേരളത്തിന്റെ രാഷ്ട്രീയ ഭൂമികയില്‍ സജീവ സാന്നിധ്യമായ മുസ്‌ലിം ലീഗിന്റെ മുഖപത്രം പോലും പല ഘട്ടങ്ങളില്‍ സാമ്പത്തികമായി നിസ്സഹായാവസ്ഥയിലായപ്പോള്‍ (ഇപ്പോഴും) തീവ്രവാദ സംഘടനകളുടെ സാരഥ്യത്തിലുള്ള പത്രങ്ങള്‍ക്ക് പണത്തിന് ഇന്നേവരെ ഒരു മുട്ടുമുണ്ടായിട്ടില്ല. എവിടെ നിന്നാണ് ഈ ധനപ്രവാഹം? മുന്‍ ഇന്റലിജന്‍സ് ഐ.ജിയായിരുന്ന ജേക്കബ് പുന്നൂസ് ഒരിക്കല്‍ പറഞ്ഞത് കേരളത്തില്‍ 50,000 കോടിയുടെ ഹവാല പണമുണ്ടെന്നാണ്. ഇതില്‍ 10 കോടി പോലും ഇന്നേവരെ പിടിച്ചെടുത്തതായി അറിയില്ല. തീവ്രവാദത്തിന്റെ വേരറുക്കാന്‍ തീവ്രവാദികളുടെ സാമ്പത്തിക ഉറവിടത്തിന്റെയും തായ്‌വേരറുക്കണം. ആ ദിശയില്‍ നമ്മുടെ പോലീസ് എന്താണ് ചെയ്തിട്ടുള്ളത്?

മൂന്നാമതായി, കേരളത്തിലെ മുസ്‌ലിംകളെപ്പോലെ മത സ്വാതന്ത്ര്യവും ആവിഷ്‌കാര സ്വാതന്ത്ര്യവും ജീവിതസ്വാതന്ത്ര്യവും അനുഭവിക്കുന്ന മുസ്‌ലിംകള്‍ ലോകത്തിലെ ഏതു രാജ്യത്തുണ്ട് എന്ന് മുസ്‌ലിംകള്‍ ആത്മപരിശോധന നടത്തണം. മുസ്‌ലിംകള്‍ ഇരകളാണ്, അരക്ഷിതരാണ് എന്ന് എന്‍.ഡി.എഫും പി.ഡി.പിയും ജമാഅത്തെ ഇസ്‌ലാമിയും മാത്രമല്ല, സി.പി.എം തലയിലേറ്റി നടക്കുന്ന ചില അന്തസ്സാരവിഹീനബുദ്ധിജീവികളും പറഞ്ഞു നടക്കുന്നുണ്ട്. കേരളത്തിലെ മുസ്‌ലിംകള്‍ക്ക് ഇരയുടെ നിസ്സഹായാവസ്ഥയുമില്ല, വേട്ടക്കാരന്റെ നികൃഷ്ടമാനസികാവസ്ഥയുമില്ല. അവര്‍ ഇന്ത്യയിലെ മറ്റേത് സംസ്ഥാനത്തെ മുസ്‌ലിംകളെക്കാളും സുരക്ഷിതവും സ്വതന്ത്രവും നിര്‍ഭയവുമായ ജീവിതമാണ് നയിക്കുന്നത്. ഈ സത്യത്തിന്റെ സ്ഫടികത്തിനു മുകളിലാണ് അരക്ഷിതവാദത്തിന്റെയും ഇരവാദത്തിന്റെയും കാളകൂടം ചിലര്‍ ചൊരിയുന്നത്.

നാലാമതായി, ഈയിടെ പിടിക്കപ്പെട്ട തീവ്രവാദികളെ വെള്ളപൂശാനെന്നോണം

*ഇതൊക്കെ സാമ്രാജ്യത്വ-ഫാഷിസ്റ്റ് ഒളിയജണ്ടയുടെ ഭാഗമാണ് എന്ന് നൂറാവർത്തി പറയുന്ന സംഘടനകൾ മുസ്‌ലിം സമൂഹത്തിലുണ്ട്. അവരിൽ പ്രധാനികൾ ജമാഅത്തെ ഇസ്‌ലാമിയും എൻ.ഡി.എഫും പി.ഡി.പിയുമാണ്. എന്തു സംഭവിച്ചാലും സാമ്രാജ്യത്വം, ഫാഷിസം, ഭരണകൂട ഭീകരത എന്നൊക്കെപ്പറഞ്ഞ് ഉരുട്ടിക്കൊടുത്താൽ മുസ്‌ലിം സമുദായം അത് വെള്ളം ചേർക്കാതെ വിഴുങ്ങും എന്ന മൂഢധാരണ ഇക്കൂട്ടർ ആദ്യം കൈയൊഴിയണം. ഇവർ മനസ്സിലാക്കേണ്ട ഒരു കാര്യം, മുസ്‌ലിം സമുദായം ഈ തീവ്രവാദികളുടെ ബാധ്യത ഏറ്റെടുത്തിട്ടില്ല എന്നതാണ്. മുസ്‌ലിം ലീഗും നദ്‌വത്തുൽ മുജാഹിദീനും സമസ്ത കേരള ജംഇയ്യത്തുൽ ഉലമയും അതായത് മുസ്‌ലിം സമുദായത്തിലെ മഹാഭൂരിപക്ഷവും ഈ തീവ്രവാദികളെ അഗണ്യകോടിയിൽ തള്ളിയിട്ടേയുള്ളൂ.*

*ജമാഅത്തെ ഇസ്‌ലാമിയെപ്പോലെ മതരാഷ്ട്രവാദം ഉയർത്തിപ്പിടിക്കുന്ന, എന്നാൽ 'മതേതരനടന'ത്തിൽ സ്ഥിരമായി 'എ' ഗ്രേഡ് നേടുന്ന സംഘടനകൾക്കാണ് തടിയന്റവിട നസീറിന്റെയും സർഫറാസ് നവാസിന്റെയും സൈനുദ്ദീൻ എന്ന സത്താർ ഭായിയുടെയും സൂഫിയ മഅ്ദനിയുടെയും മറ്റും കാര്യത്തിൽ വ്യാകുലതയും വേദനയും. അതെന്തുകൊണ്ടാണെന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ ചിന്താധാരകളെയും അതിന്റെ ആത്യന്തിക ലക്ഷ്യത്തെയും (ഇന്ത്യയിൽ ഇസ്‌ലാമിക ഭരണകൂടം സ്ഥാപിക്കുക) അടുത്തറിഞ്ഞവർക്ക് പ്രത്യേകം പറഞ്ഞുകൊടുക്കേണ്ടതില്ല" (കെ.എം ഷാജി, പ്രസിഡന്റ് മുസ്‌ലിം യൂത്ത് ലീഗ്, മാതൃഭൂമി ദിനപത്രം 2010 ഫെബ്രുവരി 2). മുജീബിന്റെ പ്രതികരണം?*

**എ.എ കോഴിക്കോട്**

**സ്വ**ന്തം പാർട്ടിയുടെ ആദർശരാഹിത്യവും പാപ്പരത്തവും അവസരവാദവും മറച്ചുവെക്കാനും ന്യായീകരിക്കാനും നിർബന്ധിതനായ മുസ്‌ലിം യൂത്ത്‌ലീഗ് നേതാവിന്റെ പൊള്ളയായ വാദഗതികളാണ് ഉപര്യുക്ത ലേഖനത്തിലുടനീളം. ഇസ്‌ലാമിക തീവ്രവാദമെന്നും ഭീകരതയെന്നും പേരിട്ട് സാമ്രാജ്യത്വത്തിനും ഫാഷിസത്തിനുമെതിരെ സുധീരം പൊരുതുന്ന ആഗോള ഇസ്‌ലാമിക പ്രസ്ഥാനങ്ങളെ ഭീകരവാദ മുദ്രകുത്തി നശിപ്പിക്കാനുള്ള അമേരിക്കൻ സാമ്രാജ്യവാദികളുടെയും അവരുടെ ഇന്ത്യൻ പിണിയാളുകളുടെയും അപവാദ പ്രചാരണങ്ങളെ അതേപടി ഏറ്റുപാടുന്ന ഷാജി പ്രഭൃതികളിൽനിന്ന് മറ്റൊന്ന് പ്രതീക്ഷിച്ചിട്ട് കാര്യമില്ല. ഇവർക്കെന്ത് ഇസ്‌ലാം, മുസ്‌ലിം, സാമ്രാജ്യത്വ വിരോധം? സമുദായം അധികാരപങ്കാളിത്തവും സ്വാർഥതാൽപര്യങ്ങളും നേടിയെടുക്കാനുള്ള ഏണിപ്പടികൾ മാത്രം. അതിന് തിരിച്ചടി നേരിടുമ്പോൾ സമുദായൈക്യത്തിന്റെ മന്ത്രവുമായി രംഗത്ത് വരും. കാര്യം നേടിയാൽ തങ്ങളുടെ താളത്തിനൊത്ത് തുള്ളാത്ത സംഘടനകളെ സാമാന്യ സംസ്കാരം പോലുമില്ലാതെ കടന്നാക്രമിക്കും, ഒറ്റുകൊടുക്കും, ശുദ്ധ നിർമതവാദികളെയും അരാജകത്വത്തിന്റെ പ്രചാരകരെയും ഖാദിയാനികളെയും വരെ കൂട്ടുപിടിക്കും. മുഹമ്മദ് ഇസ്മാഈൽ സാഹിബും അബ്ദുർറഹ്മാൻ ബാഫഖി തങ്ങളും കെ.എം സീതി സാഹിബുമൊക്കെ നേതൃത്വം നൽകിയ ഒരു പാർട്ടിയുടെ ഇന്നത്തെ ഗതിയോർത്ത് സഹതപിക്കുകയല്ലാതെ എന്തു ചെയ്യും? മുമ്പ് കോൺഗ്രസ് മുസ്‌ലിംകൾ, 'ദേശീയ മുസ്‌ലിംകൾ' എന്ന് സ്വയം പേര് വിളിച്ച്, മുസ്‌ലിം ലീഗിനെയും ബാക്കി മുസ്‌ലിംകളെയുമൊക്കെ വർഗീയ മുസ്‌ലിംകളായി ചിത്രീകരിച്ച അതേ പതനത്തിലാണ് ഇന്ന് മുനീർ, ഷാജി പ്രഭൃതികൾ. അവർ മാത്രം 24 കാരറ്റ് മതേതരവാദികൾ; മറ്റുള്ളവരെല്ലാം തീവ്രവാദികളും. അക്കാലത്ത് 'മിനാർ' എന്നപേരിൽ ഒരാനുകാലികം നട

ത്തിയിരുന്നു, അബ്ദുല്ല മുഹമ്മദ്. ഓരോ ലക്കവും ഐ.ബിക്ക് വേണ്ടി മുസ്‌ലിം ലീഗിന്റെ സ്വഭാവഹത്യയായിരുന്നു ഉള്ളടക്കം. 'ആലിബാബയും നാൽപത് കള്ളന്മാരും ഒരു ഇസ്‌ലാമിക ജമാഅത്താണെങ്കിൽ ബാഫഖി തങ്ങളും മുസ്‌ലിം ലീഗും ഒരു ഇസ്‌ലാമിക ജമാഅത്താണ്' എന്ന് മിനാറിൽ എഴുതിയത് പരേതനായ ഡോ. എം. ഉസ്മാനായിരുന്നു. 'മിനാർ' ഇന്നില്ല. അബ്ദുല്ല മുഹമ്മദ് ഉണ്ടോ എന്നറിയില്ല. ഡോ. ഉസ്മാനും വിടവാങ്ങി. പകരം മുനീർമാരും ഷാജിമാരും ഉണ്ട്. അവർ ലീഗിന്റെ പേരിൽ മറ്റു മുസ്‌ലിം സംഘടനകളുടെ നേരെ 'മിനാറി'ന്റെ അതേ ധർമം നിറവേറ്റുന്നു. മലപ്പുറം ജില്ല രൂപവത്കരണം അടക്കമുള്ള സംഭവങ്ങളിലെല്ലാം മുസ്‌ലിം ലീഗിനെ നിർത്തിപ്പൊരിച്ച *മാതൃഭൂമി*യുമുണ്ട് ഇവരുടെ കൂട്ടിന്. ജറൂശലേമിന്റെ നാനാദിക്കുകളിൽനിന്നെത്തിയ ജൂത പുരോഹിതന്മാർ ഏകസ്വരത്തിൽ 'യേശുവിനെ ക്രൂശിക്ക' എന്ന് ആക്രോശിച്ചപോലെ മതേതരത്വത്തിന്റെ ജാടയണിഞ്ഞ സകല ഇരുട്ടിന്റെ ശക്തികളും ചേർന്ന് ആക്രോശിക്കുകയാണ് 'ജമാഅത്തെ ഇസ്‌ലാമിയെ ക്രൂശിക്ക.' പക്ഷേ ഇവർ മറന്നുപോയ ഒരു സത്യമുണ്ട്. കഴിഞ്ഞ ആറ് പതിറ്റാണ്ടായി മതപുരോഹിതന്മാരുടെയും മതേതരക്കാരുടെയും മതനിരാസികളുടെയും മുഴുവൻ രൂക്ഷമായ എതിർപ്പുകളും, ഭരണകൂടത്തിന്റെ നിരോധങ്ങളും തൃണവൽഗണിച്ചാണ് ഇസ്‌ലാമിക പ്രസ്ഥാനം ഇന്നും ഇവരുടെ ഉറക്കം കെടുത്തുന്ന വിധം വളർന്നത്. മുപ്പത്തിമൂന്നു ദിവസം തുടർച്ചയായി ഏതെങ്കിലും പത്രം ഏതെങ്കിലും സംഘടനയെ സ്വഭാവഹത്യ നടത്തിയ അനുഭവമുണ്ടെങ്കിൽ അത് മുസ്‌ലിം ലീഗിന്റെ മുഖപത്രമായ *ചന്ദ്രിക* ജമാഅത്തെ ഇസ്‌ലാമിയെക്കുറിച്ച് നടത്തിയതാണ്! എന്നിട്ടോ? തുടർന്ന് നടന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് ചരിത്രത്തിലില്ലാത്ത തോൽവിയാണ് ഏറ്റുവാങ്ങിയത്. പിന്നീട് സി.പി.എമ്മിന്റെ ഭരണപരാജയവും വിഭാഗീയതയും കാരണം ലോക്സഭാ തെരഞ്ഞെടുപ്പിൽ ജനവിധി മറിച്ചായെങ്കിൽ അത് വേറെ കാര്യം. പക്ഷേ അതിന്റെ പേരിലുള്ള അഹന്തക്കും വേണം ഒരു പരിധി. ഷാജി പ്രഭൃതികൾക്ക് വിശ്വാസമില്ല എന്നതുകൊണ്ട് മാത്രം ദൈവനീതി പുലരാതെ പോവില്ല. ഇനി ആരോപണങ്ങൾക്ക് മറുപടി:

1. എഴുപത് വർഷത്തെ പാരമ്പര്യമുള്ള മുസ്‌ലിം ലീഗിന്റെ മുഖപത്രം പല ഘട്ടങ്ങളിലായി സാമ്പത്തികമായി നിസ്സഹായാവസ്ഥയിലായെങ്കിൽ, ഇപ്പോഴും പ്രതിസന്ധിയിലാണെങ്കിൽ അത് ഹവാലപ്പണം കിട്ടാത്ത കുഴപ്പമല്ല. നടത്തിപ്പിന്റെ മിടുക്ക് കൊണ്ടാണ്. പരേതരായ സി.എച്ച് മുഹമ്മദ് കോയയും സീതി ഹാജിയും സംഘവും എഴുപതുകളുടെ അവസാനത്തിൽ *ചന്ദ്രിക*ക്ക് ഫണ്ട് ശേഖരിക്കാൻ ഗൾഫിൽ വന്നിരുന്നു. അന്നവർ പരസ്യമായി പറഞ്ഞത് ദുർഭരണം മൂലം *ചന്ദ്രിക* പാപ്പരായി എന്നാണ്. ടി.പി കുട്ട്യാമു സാഹിബ് മാനേജിംഗ് എഡിറ്ററായിരുന്നപ്പോൾ വേദനയോടെ അനുസ്മരിച്ച കാര്യം: ലീഗ് നേതാക്കൾക്ക് വരെ *ചന്ദ്രിക* വേണ്ട, പിന്നെ മറ്റുള്ളവരുടെ കാര്യം? തികഞ്ഞ സങ്കുചിത പാർട്ടി രാഷ്ട്രീയതിമിരം മൂലം എന്തും ആരെക്കുറിച്ചും എഴുതാമെന്നും പ്രതിയോഗികളെന്ന് കരുതുന്നവരെ എങ്ങനെയും ആക്രമിക്കാമെന്നും സത്യം ഒരു കാരണവശാലും അച്ചടിച്ചുകൂടെന്നും നിശ്ചയിച്ച ഒരു പത്രം സ്വന്തക്കാർക്ക് പോലും വേണ്ടാതായതിൽ എന്തത്ഭുതം! ഹവാലയായിട്ടാണെങ്കിലും നേരാം വണ്ണമാണെങ്കിലും *ചന്ദ്രിക*ക്ക് എത്ര തവണ ഫണ്ട് സമാഹരിച്ചു? എല്ലാം എവിടെ പോയി? തലശ്ശേരി കലാപ ഫണ്ടിനും ഗുജറാത്ത് ഫണ്ടിനും മറ്റു പല ഫണ്ട് പിരിവുകൾക്കുമുണ്ടായ ഗതിതന്നെ *ചന്ദ്രിക* ഫണ്ടിനും സംഭവിച്ചു എന്ന് സമ്മതിക്കലല്ലേ മാന്യത? 1969 ഒക്ടോബറിലെ അഹ്മദാബാദ് കലാപത്തെത്തുടർന്ന്

മുസ്‌ലിം ലീഗ് ദുരിതാശ്വാസ ഫണ്ട് ശേഖരിച്ചു. ക്രാന്തദർശിയായ അബ്ദുർറഹ്മാൻ ബാഖഫി തങ്ങൾ തുക മുഴുവൻ ജമാഅത്തെ ഇസ്‌ലാമിയെ ഏൽപിച്ച സംഭവം ഷാജിക്കറിയില്ല. പക്ഷേ, അറിയുന്നവർ ലീഗിലുണ്ടാവും. ജേക്കബ് പുന്നൂസ് വെളിപ്പെടുത്തിയ 50,000 കോടിയുടെ ഹവാല പണം ആർക്ക് കിട്ടി എന്നതിനക്കുറിച്ച് സത്യസന്ധമായി അന്വേഷണം നടക്കട്ടെ. അന്വേഷണ റിപ്പോർട്ട് വരുമ്പോൾ ആരുടെയൊക്കെ മുഖം കരുവാളിക്കും എന്നറിയാമല്ലോ. പണച്ചാക്കുകളും വ്യവസായ പ്രമുഖരും വേണ്ടത്രയുള്ള ലീഗിന്റെ പത്രം ദുർഭരണം മൂലം സാമ്പത്തിക പ്രതിസന്ധിയിലായതിന് മറ്റു പത്രങ്ങൾ എന്തു പിഴച്ചു?

2. കേരളത്തിലെ മുസ്‌ലിംകൾ സുരക്ഷിതരല്ലെന്ന് ആരും പറഞ്ഞില്ല. അവരുടെ ജീവിതം നിർഭയമല്ല എന്നും വാദിച്ചില്ല. പക്ഷേ, കേരളം ഇന്ത്യാ മഹാരാജ്യത്തിന്റെ ഭാഗമാണ്. ദൽഹിയിലും ഗുജറാത്തിലും ബീഹാറിലും മഹാരാഷ്ട്രയിലുമൊക്കെ നടക്കുന്നത് കേരളത്തിലെ മുസ്‌ലിംകളെ വേദനിപ്പിക്കുന്നു. ഭഗൽപൂരിൽ സ്വസഹോദരങ്ങൾ കൂട്ടക്കൊല ചെയ്യപ്പെട്ടാലും യു.പിയിൽ ബാബരി മസ്ജിദ് തകർക്കപ്പെട്ടാലും ഗുജറാത്തിൽ നരേന്ദ്രമോഡി താണ്ഡവം നടത്തിയാലും മുസ്‌ലിം ലീഗിനെപ്പോലെ ഒട്ടകപ്പക്ഷിയാവാൻ അവർക്ക് വയ്യ. അധികാര നഷ്ടം ഭയന്ന് മനുഷ്യാവകാശ ലംഘനങ്ങളുടെ നേരെ കണ്ണടക്കാനും അവർക്കാവില്ല. അവിടെയാണ് പ്രശ്നം. ഇത്തരം അത്യാചാരങ്ങളെ വെള്ളപൂശുകയോ നിസ്സാരവത്കരിക്കുകയോ ചെയ്യുന്ന പാർട്ടികളും മാധ്യമങ്ങളും സ്വാഭാവികമായും ലീഗിനെ വാഴ്ത്തുന്നു. പാണക്കാട് തങ്ങളില്ലെങ്കിൽ കേരളത്തിലെ അവസ്ഥ എന്താവുമായിരുന്നു എന്ന് മുതലക്കണ്ണീരൊഴുക്കുമ്പോൾ മുസ്‌ലിം ലീഗ് വെട്ടിൽ വീഴുന്നു. കോഴിക്കോട്ടെ സ്ഫോടനം, കളമശ്ശേരി ബസ് കത്തിക്കൽ പോലെയുള്ള ഒറ്റപ്പെട്ട ചില സംഭവങ്ങൾ ഉണ്ടാവുമ്പോൾ കേരളമാകെ കശ്മീരായി, തീവ്രവാദികളുടെ പറുദീസയായി എന്ന് മുഖ്യധാരാ മാധ്യമങ്ങൾ കൂട്ട നിലവിളി ഉയർത്തും. സത്യസന്ധമായ ഒരന്വേഷണം പോലും നടക്കുന്നതിന് മുമ്പ് പ്രതിയോഗികളെ അടിക്കാൻ കിട്ടിയ വടിയായി ലീഗ് അതിനെ ഉപയോഗിക്കുന്നു. ഇതിന്റെ ഭവിഷ്യത്ത് ഒരു സമുദായം ഒന്നടങ്കം വേട്ടയാടപ്പെടുകയാണെന്ന തിരിച്ചറിവ് പോലും അവർക്ക് നഷ്ടപ്പെടുകയാണ്. ഏറെ കോലാഹലമുയർന്ന 'ലൗ ജിഹാദ്' ഇപ്പോൾ എന്തായി? മഅ്ദനിയും ഭാര്യ സൂഫിയയും അന്താരാഷ്ട്ര ഭീകരതയുടെ കണ്ണികളാണെന്ന് ആരോപിക്കുന്ന അതേ മാധ്യമങ്ങൾ, തങ്ങളെ വാഴ്ത്തപ്പെട്ടവരായി പ്രഖ്യാപിക്കുമ്പോൾ അതിലടങ്ങിയ ചതിക്കുഴി പോലും മുസ്‌ലിം ലീഗിന് പ്രശ്നമല്ല. കേരളത്തിലെ മുസ്‌ലിംകൾ സമാധാന പ്രിയരാണ്. അവരെ അരക്ഷിതരാക്കാനുള്ള തീവ്രയത്നത്തിലാണ് മാധ്യമങ്ങളും ഫാഷിസ്റ്റുകളും അവരോടൊപ്പം നിൽക്കുന്നവരും. അതാണ് താനും യഥാർഥ പ്രശ്നം.

3. സാമ്രാജ്യത്വം ആഗോളാടിസ്ഥാനത്തിൽ മുസ്‌ലിം ലോകത്തിനും മുസ്‌ലിംകൾക്കും ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്കും മുഖ്യ ഭീഷണിയാണ്. അത് തിരിച്ചറിയാൻ പോലും കഴിയാതെ സാമ്രാജ്യത്വത്തിന് പാദസേവ ചെയ്യുന്നവരുടെ കൂടാരത്തിലാണ് മുസ്‌ലിം ലീഗ് നിർഭാഗ്യവശാൽ ചെന്നെത്തിയിരിക്കുന്നത്. ആണവക്കരാർ ഒപ്പിട്ടപ്പോഴും ഇറാനെതിരായ ഉപരോധത്തിലും ഇസ്രയേലിന്റെ ചാര ഉപഗ്രഹം ശ്രീഹരിക്കോട്ടയിൽനിന്ന് വിക്ഷേപിച്ചപ്പോഴുമെല്ലാം അത് പ്രകടമായി. പൂച്ചയുടെ വാൽ അമ്മിയുടെ ചുവട്ടിലാണ്. ഇനി ലജ്ജാകരമായ സാമ്രാജ്യത്വ ദാസ്യത്തെ ന്യായീകരിക്കുകയേ നിവൃത്തിയുള്ളൂ. പക്ഷേ ഈ നിലപാടുകളുമായി ദേശീയാടിസ്ഥാനത്തിൽ ലീഗിനെ വളർത്താനും വ്യാപിപ്പിക്കാനും പുറപ്പെട്ടാൽ എന്താവുമെന്ന് കാണാ

നിരിക്കുന്നേയുള്ളൂ.

മുസ്‌ലിം സമുദായം സാമ്രാജ്യത്വവിരോധം എന്നും ഏറ്റെടുത്തിട്ടുണ്ട്, ഇന്നും അതേ. അഫ്ഗാൻ, ഇറാഖ്, ഫലസ്ത്വീൻ യുദ്ധ സന്ദർഭങ്ങളിൽ അത് കണ്ടു. ഇതൊന്നും നമ്മുടെ പ്രശ്നമല്ല, മാലയും റാത്തീബും മൗലിദും ജിന്നും സിഹ്റുമാണ് മൗലിക പ്രശ്നങ്ങളെന്ന് പറഞ്ഞു നടക്കുന്ന മത സംഘടനകളാണ് ലീഗിന് ആവശ്യമെന്ന് അറിയാം. പരിസരബോധമില്ലാത്ത, പ്രതികരണശേഷി നഷ്ടപ്പെട്ട കുഞ്ഞാടുകളെ കൂടെ നിർത്തിയാൽ ശല്യമില്ലല്ലോ. പക്ഷേ, കേരളത്തിന്റെ മുസ്‌ലിം മനസ്സ് എക്കാലത്തും സാമ്രാജ്യത്വ, ഫാഷിസ വിരുദ്ധമാണ്. പോർച്ചുഗീസുകാരുടെ കാലം മുതൽ അതങ്ങനെയാണ്. പതിനാലാം ലോക്സഭാ തെരഞ്ഞെടുപ്പിലും അതവർ പച്ചയായി പ്രകടിപ്പിച്ചു. മുസ്‌ലിം ലീഗ് അതിന്റെ ശിക്ഷയും അനുഭവിച്ചു. സാമ്രാജ്യത്വ ഫാഷിസ്റ്റ് വിരുദ്ധ മനസ്സ് മുസ്‌ലിംകളിൽ ഉണ്ടാക്കിയത് ജമാഅത്തെ ഇസ്‌ലാമി ആണെങ്കിൽ പ്രസ്ഥാനത്തിനതിൽ അഭിമാനമേയുള്ളൂ.

4. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മതനിരാസപരമായ മതേതരത്വത്തെ എന്നും എതിർത്തിട്ടുണ്ട്. ഇനിയും എതിർക്കും. മതനിരപേക്ഷതയെ എന്നുംഅനുകൂലിച്ചിട്ടുണ്ട്, ഇന്നും അനുകൂലിക്കുന്നു. എന്നാൽ മതേതരത്വ പുത്തൻകൂറ്റുകാരുടെ വേഷം കെട്ടിയാടാൻ ജമാഅത്തിനാവില്ല. അക്കാര്യത്തിൽ ഗ്രേഡും വേണ്ട, പാസ്മാർക്കും വേണ്ട. തടിയന്റവിട നസീറായാലും സൂഫിയ മഅ്ദനിയായാലും അവരുടെ കാര്യത്തിൽ നിയമവാഴ്ച പുലരണമെന്നും നീതി നടപ്പാവണമെന്നും കുറ്റവാളികൾ ശിക്ഷിക്കപ്പെടണമെന്നും സ്റ്റേറ്റ് ഭീകരതയും മാധ്യമ ഭീകരതയും അവസാനിപ്പിക്കണമെന്നും ജമാഅത്ത് പറഞ്ഞിട്ടുണ്ട്. ഇനിയും പറയും. ആദർശപാപ്പരത്തത്തിന്റെ ജീവനുള്ള മാതൃകകൾക്ക് അത് മനസ്സിലാവില്ല, കാലം അവരെ പഠിപ്പിക്കുവോളം. ■